കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുജനങ്ങൾക്ക് ഗതാഗതത്തിന് ഉപയോഗിക്കാൻ അനുവദിക്കാമെന്ന എസ്റ്റേറ്റ് ഉടമകളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എസ്റ്റേറ്റ് റോഡുകളുടെ ടാറിംഗ് ഉൾപ്പെടെയുള്ള പരിഷ്കരണ പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(ആർ.റ്റി) 1110 / 09 / തസ്വഭവ　　　തിരുവനന്തപുരം, തീയതി, 12.5.2009

---

പരാമർശം :- 1. 20.05.03 - ലെ സ.ഉ.(സാധാ)നം. 1721/ 03 / തസ്വഭവ.

2. 26.09.06-ലെ 34807/ഡി.പി.1/06/തസ്വഭവ നമ്പർ സർക്കുലർ.

3. 17.05.08 - ലെ സ.ഉ.(സാധാ)നം. 1459/ 08 / തസ്വഭവ .

4. 4.10.08-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ 2.8 നമ്പർ തീരുമാനം.

5. 5.02.09-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ 2.5 നമ്പർ തീരുമാനം.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിലെ എസ്റ്റേറ്റ് റോഡുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് പരാമർശം (1) മുതൽ (3) വരെ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. എന്നാൽ തോട്ടം മേഖലയിലെ എസ്റ്റേറ്റ് ഉടമകളുടെ/സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള സ്വകാര്യ റോഡുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറിയശേഷം മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താവൂ എന്ന 17.05.08-ലെ ഉത്തരവ് എസ്റ്റേറ്റ് മേഖലയിലെ റോഡുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പരിഷ്കരിക്കുന്നതിന് / ടാറിംഗ് നടത്തുന്നതിന് വിഘാതമായിരിക്കുകയാണെന്നും എസ്റ്റേറ്റ് മേഖലയിലെ മുഴുവൻ വികസന പ്രവർത്തനങ്ങളെയും സ്തംഭിപ്പിച്ചിരിക്കുകയാണെന്നും ആയതിനാൽ എസ്റ്റേറ്റുടമകളുടെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ റോഡ് പരിഷ്കരണ പ്രവൃത്തികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നും എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ആവശ്യപ്പെട്ടതനുസരിച്ചും പരാമർശം (4), (5) എന്നീ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ പരാമർശം 1 മുതൽ 3 വരെയുള്ള ഉത്തരവുകൾ റദ്ദ് ചെയ്തുകൊണ്ട് താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പൊതുജനങ്ങൾക്ക് ഗതാഗതത്തിന് ഉപയോഗിക്കാൻ അനുവദിക്കാമെന്ന എസ്റ്റേറ്റ് ഉടമകളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ തോട്ടം മേഖലകളിലെയും എസ്റ്റേറ്റ് റോഡുകളുടെ ടാറിംഗ് ഉൾപ്പെടെയുള്ള പരിഷ്കരണ പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാനുള്ള അനുമതി നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
സെക്രട്ടറി, ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, ലൂക്സ് ലെയ്ൻ, ടി.സി.നം.25/2727(4), പുത്തൻചന്ത, തിരുവനന്തപുരം. } ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ , സി.ഡിറ്റ് , ചിത്രാഞ്ജലി ഹിൽസ് , തിരുവല്ലം പി.ഒ., തിരുവനന്തപുരം.
ഡയറക്ടർ , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ , ഐ.കെ.എം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിന്.)
പൊതുഭരണ (എസ്.സി)വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ (ഡി.ബി)( ഡി.സി.)( ഡി.ഡി.) (ആർ.സി) വകുപ്പുകൾക്ക്.